LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന

126 [3382] *ശ്രീ. കെ. സുധാകരൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *വർക്കല കഹാർ:*
,, *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരം പണി ചെയ്യുന്ന റോഡുകളുടെ വീതി എത്ര മീറ്ററായിരിക്കണമെന്നാണ് അതുസംബന്ധിച്ച മാനദണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള റോഡുകൾക്ക് ഇത്രയും വീതിയുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിപ്രകാരം നടത്തിയിട്ടുള്ള വർക്കുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയിൽപ്പെടുത്തി 5 ലക്ഷം വരെ ചെലവുള്ള എത്ര റോഡുകളും 5 ലക്ഷത്തിനുമേൽ ചെലവുള്ള എത്ര റോഡുകളും 20 ലക്ഷം വരെ ചെലവുള്ള എത്ര പാലങ്ങളും നിർമ്മിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എസ്. ജി. ആർ. വൈ. മാർഗ്ഗനിർദ്ദേശങ്ങളിൽ യോജന പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ചു പ്രത്യേകമായി ഒന്നും പറഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. ഈ പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത് അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ്. വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനപ്രകാരം നിർമ്മിച്ച റോഡുകളും പാലങ്ങളും

127 [3383] *ശ്രീ. കെ. മോഹൻകുമാർ:*
,, *ബി. വിജയകുമാർ:*
,, *എം. മുരളി:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരം സംസ്ഥാനത്ത് ഇക്കഴിഞ്ഞ 5 വർത്തിനുള്ളിൽ എത്ര കിലോമീറ്റർ റോഡുകളും എത്ര പാലങ്ങളും ഉണ്ടാക്കിയിട്ടുണ്ട്;

(ബി) ഇവയ്ക്കുവേണ്ടി കേന്ദ്രത്തിൽനിന്നും ഒട്ടാകെ എന്ത് സഹായം കിട്ടി;

(സി) രേഖകളിൽ പറയുന്നപ്രകാരം ഉള്ള റോഡുകളും പാലങ്ങളും യാഥാർത്ഥത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2002-2003 മുതൽ ഇതുവരെ 28377.30 ലക്ഷം രൂപയുടെ സഹായം കിട്ടി.

(സി) & (ഡി) എസ്.ജി.ആർ.വൈ. പ്രകാരം നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ അളവും തുകയും ഫീൽഡ് തലത്തിലുള്ള ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ തിട്ടപ്പെടുത്തി രേഖപ്പെടുത്തുകയും പിന്നീടു ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തശേഷം അതാതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണസമിതി കൂടി പരിശോധിച്ചു അംഗീകരിച്ചതിന് ശേഷമാണ് അനുവദനീയമായ തുകയും ഭക്ഷ്യധാന്യവും വിതരണം ചെയ്യുന്നത്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥന്മാർ ഫീൽഡ് തലത്തിലെ പരിശോധന നടത്തി ആസ്തികളുടെ നിർമ്മാണവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നു. കേന്ദ്ര സർക്കാർ നിയോഗിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള നാഷണൽ ക്വാളിറ്റി മോണിറ്റർമാരും ഈ പദ്ധതിയുടെ നടത്തിപ്പു പരിശോധിക്കുകയും ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് നിർവഹണ ഏജൻസികൾക്ക് നൽകുകയും ചെയ്യുന്നു.

എസ്. ജി. ആർ. വൈ. ഫണ്ട്

128 [3384] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം ഈ വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് എത്ര രൂപവീതം അലോട്ട് ചെയ്തിട്ടുണ്ട്;

(ബി) എല്ലാ ബ്ലോക്കുകൾക്കും തുല്യമായാണോ ഫണ്ട് അനുവദിച്ചത്; അതോ വ്യത്യസ്ത രീതിയിലാണോ;

(സി) പല തരത്തിലാണെങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly